"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തസ്വഭവ - സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ കൃത്യമായ എണ്ണം കണ്ടെത്തി കുടിവെള്ള ചാർജ് നിർണയിക്കുന്നതിന്റെ ഭാഗമായി ജിയോ-ടാഗ് ചെയ്ത പൊതു ടാപ്പുകളുടെ ഫീൽഡ് പരിശോധനയ്ക്കായി ഏർപ്പെടുന്ന ജീവനക്കാർക്ക് ടാപ്പ് ഒന്നിന് ₹40/- (നാൽപത് രൂപ മാത്രം) നിരക്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1950/2026/LSGD തീയതി,തിരുവനന്തപുരം, 16-10-2026

---

പരാമർശം:- 1. ബഹു. തദ്ദേശ സ്വയംഭരണ മന്ത്രിയുടെ സാന്നിധ്യത്തിൽ 23.10.2024നു ബഹു. ജലവിഭവ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനം

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 25.06.2026 -ന് ചേർന്ന യോഗത്തിന്റെ തീരുമാനം.

3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13.09.2026- ലെ LSGD/PD/30009/2024-DPLC2- നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കേരള ജല അതോറിറ്റിയുടെയും കണക്കുകളിൽ വ്യത്യാസമുള്ളതിനാൽ, പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ കൃത്യമായ എണ്ണം കണ്ടെത്തി കുടിവെള്ള ചാർജ്ജ് നിർണയിക്കുന്നതിനായി പൊതു ടാപ്പുകളുടെ ജിയോ-ടാഗിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുവാൻ പരാമർശം 1 പ്രകാരം തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും കേരള ജല അതോറിറ്റിയിലെ ജീവനക്കാരുടെ നേതൃത്വത്തിൽ പൊതു ടാപ്പുകളുടെ ജിയോ-ടാഗിംഗ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

2. ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജിയോ-ടാഗിംഗ് ഡാറ്റയും ഡാഷ്ബോർഡ് ആക്സസും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഡാറ്റ ആക്സസ് ലഭിച്ചു കഴിഞ്ഞാൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സെക്രട്ടറിമാർ

ജിയോ-ടാഗ് ചെയ്ത പൊതു ടാപ്പുകളുടെ പരിശോധന പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും പരാമർശം 2 പ്രകാരം തീരുമാനിച്ചിരുന്നു.

3. ഫീൽഡ് പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തേണ്ട പൊതു ടാപ്പുകൾ വിവിധ പ്രദേശങ്ങളിലായി വ്യാപിച്ചു കിടക്കുന്നതിനാലും ഫീൽഡ് പരിശോധന പൂർത്തിയാക്കുന്നതിന് ജീവനക്കാർക്ക് അധിക യാത്രയും സമയവും പരിശ്രമവും ആവശ്യമായി വരുന്നതിനാലും ടാപ്പ് ഒന്നിന് ₹40/- (നാൽപത് രൂപ മാത്രം) നിരക്കിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും മേൽ പരിശോധനയ്ക്കായി നിയോഗിക്കുന്ന ജീവനക്കാർക്ക് അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ് എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം ശിപാർശ ചെയ്തിരുന്നു

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ കൃത്യമായ എണ്ണം കണ്ടെത്തി കുടിവെള്ള ചാർജ് നിർണയിക്കുന്നതിന്റെ ഭാഗമായി ജിയോ-ടാഗ് ചെയ്ത പൊതു ടാപ്പുകളുടെ ഫീൽഡ് പരിശോധനയ്ക്കായി നിയോഗിക്കുന്ന ജീവനക്കാർക്ക് ടാപ്പ് ഒന്നിന് ₹ 40/- (നാൽപത് രൂപ മാത്രം) നിരക്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിഫലം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Shaija R M
Date: 17-10-2026
11:26:57
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്